3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 3-8-2013 മുതൽ 28-2-2014 വരെയാണ് അപേക്ഷ നൽകാൻ അവസരം നൽകിയിരുന്നത്.

(ഡി) ലഭിച്ച അപേക്ഷകളുടെ വിശദാംശം അനുബന്ധം 2-ൽ നൽകിയിരിക്കുന്നു*.

അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച് ഓരോ ജില്ലയ്ക്കും വേണ്ടുന്ന ആകെ തുക അനുവദിക്കാനായി നിർദ്ദേശം സമർപ്പിക്കുന്നത് ജില്ലാ കളക്ടർമാരാണ്. എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും പൂർണ്ണമായി നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ ആകെ എത്ര രൂപ വേണ്ടിവരുമെന്ന് പറയുവാൻ സാധിക്കൂ.

(ഇ) കണക്കുകൾ അനുബന്ധം - 1 ൽ നൽകിയിട്ടുണ്ട്.*

ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പ

7328 ശ്രീ. എം. .വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡിയായി നൽകാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിലെ എത്ര കുട്ടികൾക്ക് സബ്സിഡി നൽകാനായെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 31-3-2014 വരെ കളക്ടർമാരിൽ നിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശിപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച ശിപാർശകൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

(ബി) വയനാട് ജില്ലയിൽ 8 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകരുടെ പ്രൊപ്പോസൽ കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഇനത്തിൽ വയനാട് ജില്ലയ്ക്ക് 2,60,000 രൂപ സർക്കാർ അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly